## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2504** — **12.03.2018-ൽ മറുപടിയ്ക്ക്**

# സബ്ടെണ്ടർ കൊടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ടെണ്ടർ എടുക്കുന്ന കോൺട്രാക്ടർമാർ ഏറ്റെടുത്ത പ്രവൃത്തി കുറഞ്ഞ നിരക്കിൽ സബ് ടെണ്ടർ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും / ദേശീയപാത / കെട്ടിട വിഭാഗങ്ങളിലൊന്നും തന്നെ പ്രവൃത്തികൾ സബ് ടെണ്ടർ കൊടുക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടത്തുന്ന നഗര റോഡ് വികസന പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോട് കൂടിയായതിനാൽ സ്വകാര്യ കൺസഷണർ ആണ് പദ്ധതി നിർവഹണം നടപ്പാക്കുന്നത്. ഇത്തരം പ്രവൃത്തികൾ സംസ്ഥാന പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി കേന്ദ്ര സർക്കാർ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പാക്കുന്നത്. ഇത്തരം പ്രവൃത്തികളിൽ ഇ.പി. സി. കരാറിൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള നിബന്ധനകൾ നൽകിയിട്ടുണ്ട്. KSCC-യിലും പ്രവൃത്തി സബ് ടെണ്ടർ ചെയ്യുന്നുണ്ട്. പൊതുവിൽ സബ് കോൺട്രാക്ട് ശരിയല്ലെന്നാണ് ഇപ്പോൾ സർക്കാർ നയം |
| (ബി) | സബ് ടെണ്ടർ കൊടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) | കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവൃത്തികളിൽ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പൊതു മരാമത്ത് വകുപ്പിലെ എല്ലാ പ്രവൃത്തികൾക്കും നിലവിലെ മാനുവൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിങ് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ടെണ്ടർ നൽകുന്ന പ്രവൃത്തികൾ സബ് ടെണ്ടർ കൊടുക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ; | (സി) യും (ഡി) യും | പ്രവൃത്തികൾ സബ് ടെണ്ടർ കൊടുക്കാതിരിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രവൃത്തികളുടെ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാർ ലംഘനം ശ്രദ്ധയിൽപെടുന്ന പക്ഷം നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരള റോഡ് ഫണ്ട് ബോർഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഇ.പി.സി. കോൺട്രാക്ട് കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. |
| (ഡി) | നിലവിൽ ഏതെങ്കിലും പ്രവൃത്തികളുമായി ബന്ധപ്പെട്ട്, സബ്ടെണ്ടർ നൽകുന്നതിലൂടെ ഗുണനിലവാരം കുറഞ്ഞത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ